**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 19** **07-06-2021 - ൽ മറുപടിയ്ക്ക്**

**PSC മുഖേന നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. മുഖേന സംസ്ഥാന - ജില്ലാ തലങ്ങളിൽ എത്ര നിയമനങ്ങളാണ് നടത്തിയത്; വിശദാംശം നൽകുമോ; | (എ) | 25/05/2016 മുതൽ 20/05/2021 വരെ 1,61,361 ( ഒരു ലക്ഷത്തി അറുപത്തി ഒന്നായിരത്തി മുന്നൂറ്റി അറുപത്തി ഒന്ന്) നിയമന ശിപാർശകളാണ് നൽകിയിട്ടുള്ളത് |
| (ബി) | ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതു മുതൽ അഡ്വൈസ് മെമ്മോ അയക്കുന്നതുവരെയുള്ള നടപടി ക്രമങ്ങളിൽ ഇപ്പോഴും കാലതാമസം ഉണ്ടാകുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | റാങ്ക് ലിസ്റ്റുകൾ നിലവിലുള്ള തസ്തികകളിലേക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേക്ക് നിയമനശിപാർശ നൽകുന്നതിൽ കാലതാമസം നേരിടുന്നില്ല. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകൾക്ക് അനിവാര്യമായ സമയക്രമം പാലിച്ച് പരീക്ഷകൾ നടത്തി നിയമന നടപടികൾ കൈക്കൊള്ളുന്നുണ്ട്. |
| (സി) | എങ്കിൽ ആയത് പരിഹരിക്കാനും നടപടിക്രമങ്ങൾ സമയബന്ധിതമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ; | (സി) | റാങ്ക് ലിസ്റ്റുകൾ നിലവിലുള്ള തസ്തികകളിലേക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേക്ക് നിയമനശിപാർശ നൽകുന്നതിൽ കാലതാമസം നേരിടുന്നില്ല. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകൾക്ക് അനിവാര്യമായ സമയക്രമം പാലിച്ച് പരീക്ഷകൾ നടത്തി നിയമന നടപടികൾ കൈക്കൊള്ളുന്നുണ്ട്. |
| (ഡി) | പി.എസ്.സി. നടത്തുന്ന പരീക്ഷകളുടെയും, ഇന്റർവ്യൂവിന്റെയും സുതാര്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് കൂടി വ്യക്തമാക്കുമോ? | (ഡി) | പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന വിവിധ ഒ.എം.ആർ /വിവരണാത്മക പരീക്ഷകൾക്ക് സുതാര്യത ഉറപ്പുവരുത്തുന്നതിലേക്കായി പരീക്ഷാ കേന്ദ്രത്തിലേക്ക് ചോദ്യപേപ്പർ പായ്ക്കറ്റുകളുമായി പരീക്ഷാ ദിവസം പി.എസ്.സി ഉദ്യോഗസ്ഥർ നേരിട്ടെത്തി പരീക്ഷാ നടപടികൾക്ക് മേൽനോട്ടം വഹിക്കുന്നു. പരീക്ഷ എഴുതുവാനാവശ്യമായ പേനയും കുടിവെള്ളവും മാത്രമെ പരീക്ഷാ ഹാളിൽ അനുവദിച്ചിട്ടുള്ളു. A,B,C,D എന്നീ നാലു കോഡുകളിലുള്ള ചോദ്യപേപ്പറുകളാണ് ഉദ്യോഗാർത്ഥികൾക്ക് നൽകിവരുന്നത്. പരീക്ഷാനന്തരം പി.എസ്.സി ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ പ്രത്യേക സെക്യൂരിറ്റി ലേബലുകൾ |

| | | | | |
|---|---|---|---|---|
| | | | | ഒട്ടിച്ചാണ് ഉത്തരക്കടലാസ് പായ്ക്കറ്റുകൾ പി.എസ്.സി ഓഫീസിൽ എത്തിക്കുന്നത്. അഭിമുഖങ്ങളുടെ സുതാര്യതയും വിശ്വാസ്യതയും ഉറപ്പുവരുത്തുന്നതിനായി ഇന്റർവ്യൂ ബോർഡിലെ അംഗങ്ങളുടെ രഹസ്യ സ്വഭാവം നിലനിർത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു തസ്തികയുടെ അഭിമുഖത്തിന് ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനത്തിന്റെ മേധാവിയുടെ പ്രതിനിധിയെയും വിഷയ വിദഗ്ദ്ധനേയും ഇൻറ്റർവ്യൂ ബോർഡിൽ ഉൾപ്പെടുത്തുന്നുണ്ട്. വിഷയ വിദഗ്ധരോടും വകുപ്പ് മേധാവികളോടും ഇന്റർവ്യൂവിന്റെ രഹസ്യ സ്വഭാവം കാത്തു സൂക്ഷിക്കണമെന്നും അത് നഷ്ടപ്പെടുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടരുതെന്നും മുൻകൂട്ടി അറിയിച്ചിട്ടാണ് ബോർഡിൽ ഉൾപ്പെടുത്തുന്നത്. അഭിമുഖത്തിന് മുമ്പ് അഭിമുഖ ബോർഡിൽ ഉള്ള വ്യക്തികൾക്ക് ആ ബോർഡിൽ പങ്കെടുക്കുന്ന മറ്റ് അംഗങ്ങൾ ഉദ്യോഗാർത്ഥികൾ എന്നിവർ ആരെന്ന് അറിയുവാൻ സാധിക്കുകയില്ല. അഭിമുഖത്തിന്റെ വിശ്വാസ്യത നിലനിർത്തുന്നതിനായി അഭിമുഖത്തിൽ ഉദ്യോഗാർത്ഥികൾക്ക് ലഭിച്ച മാർക്ക് റാങ്ക് ലിസ്റ്റിനോടൊപ്പം ഉൾപ്പെടുത്താറുണ്ട്. അഭിമുഖത്തെക്കുറിച്ച് ലഭിക്കുന്ന പരാതികളിൻ മേൽ പി.എസ്.സി. തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ